# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4726** — 27.06.2014 ലെ മറുപടിക്ക്

## കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ നിരവധി കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകാതിരിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ എത്ര കെട്ടിടങ്ങളുണ്ട് എന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ; | (ബി) ഗ്രാമപഞ്ചായത്തുകളിൽ 4413 നിർമ്മാണങ്ങളും നഗരസഭകളിൽ 1339 നിർമ്മാണങ്ങളും കണ്ടെത്തിയിട്ടുണ്ട്. |
| (സി) പണിപൂർത്തിയായിട്ടും സ്ഥിരനമ്പർ നൽകാതെ എത്ര കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ നൽകിയിട്ടുണ്ട് ; | (സി) ഗ്രാമപഞ്ചായത്തുകളിൽ 17279 കെട്ടിടങ്ങൾക്കും നഗരസഭകളിൽ 834 കെട്ടിടങ്ങൾക്കും താൽക്കാലിക നമ്പർ നൽകിയിട്ടുണ്ട്. |
| (ഡി) താൽക്കാലിക നമ്പർ നൽകിയ കൊമേഴ്സ്യൽ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് സ്ഥിരനമ്പർ നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ ; | (ഡി) കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം പൂർത്തിയാക്കുന്നതിനാലാണ് സ്ഥിര നമ്പർ നൽകുന്നതിന് കാലതാമസം നേരിടുന്നത്. |
| (ഇ) അറിവില്ലായ്മ കൊണ്ടും ബിൽഡിംഗ് കൺസൾട്ടന്റുമാരുടെ ചതിയിൽപ്പെട്ടും കെട്ടിടനമ്പർ ലഭിക്കാത്തവർക്ക് ഇളവു നൽകി നമ്പർ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ക്രമക്കേടുകാട്ടിയ കൺസൾട്ടന്റുമാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (ഇ) 2013 മാർച്ച് 31 ന് മുൻപ് മുൻസിപ്പൽ/ നഗരസഭ പ്രദേശങ്ങളിൽ നടത്തിയിട്ടുള്ള അനധികൃതനിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിച്ചു നൽകുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള കൺസൾട്ടന്റുമാരുടെ രജിസ്ട്രേഷൻ റദ്ദ്/സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ